# 2010-ലെ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് (ഭേദഗതി) ബിൽ

1971-ലെ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ആക്റ്റ് വീണ്ടും ഭേദഗതി ചെയ്യുന്നതിനുള്ള

ഒരു

ബിൽ

പീഠിക.—1971-ലെ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ആക്റ്റ് ഇനി പറയുന്ന ആവശ്യങ്ങൾക്കായി വീണ്ടും ഭേദഗതി ചെയ്യുന്നത് യുക്തമായിരിക്കുകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ അറുപത്തിയൊന്നാം സംവൽസരത്തിൽ ഇനി പറയും പ്രകാരം നിയമം ഉണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും.—(1) ഈ ആക്റ്റിന് 2010-ലെ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് (ഭേദഗതി) ആക്റ്റ് എന്ന് പേര് പറയാം.

(2) ഇത് 2010 ജനുവരി 5-ാം തീയതി പ്രാബല്യത്തിൽ വന്നതായി കരുതപ്പെടേണ്ടതാണ്.

2. 36എ എന്ന പുതിയ വകുപ്പ് കൂട്ടിച്ചേർക്കൽ.—1971-ലെ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ആക്റ്റിൽ (1971-ലെ 19), (ഇതിനുശേഷം പ്രധാന ആക്റ്റ് എന്നാണ് പരാമർശിക്കപ്പെടുക), 36-ാം വകുപ്പിനുശേഷം ഇനി പറയുന്ന വകുപ്പ് കൂട്ടിച്ചേർക്കേണ്ടതാണ്, അതായത്:—

"36എ. സംയുക്ത സംരംഭ പദ്ധതിയിലൂടെയോ പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതിയിലൂടെയോ പാർപ്പിട നിർമ്മാണമോ വികസന പദ്ധതികളോ ഏറ്റെടുക്കുന്നതിന് ബോർഡിനുള്ള അധികാരം.—ബോർഡിന്, സംയുക്ത സംരംഭ പദ്ധതി മുഖേന അല്ലെങ്കിൽ പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതി മുഖേന യാതൊരു പാർപ്പിട നിർമ്മാണ പദ്ധതിയോ വികസന പദ്ധതിയോ, അതതു സംഗതിപോലെ സർക്കാരിന്റെ അംഗീകാരത്തോടുകൂടി അങ്ങനെയുള്ള ഓരോ പദ്ധതിയും നടപ്പിലാക്കാവുന്നതാണ്.

വിശദീകരണം:—ഈ വകുപ്പിന്റെ ആവശ്യത്തിലേക്കായി, "സംയുക്ത സംരംഭ പദ്ധതി അല്ലെങ്കിൽ പൊതു-സ്വകാര്യ പങ്കാളിത്ത പദ്ധതി" എന്നാൽ വാണിജ്യ സമുച്ചയങ്ങൾ, ഷോപ്പിംഗ് മാളുകൾ മുതലായവ ഉൾപ്പെടുന്ന ഏതെങ്കിലും പാർപ്പിട നിർമ്മാണ പദ്ധതിയോ വികസന പദ്ധതിയോ നടപ്പിലാക്കുന്നതിനുവേണ്ടി സുതാര്യമായതും ഓപ്പൺ പ്രൊക്യൂർമെന്റ് സമ്പ്രദായം മുഖേന ആർജ്ജിച്ചതുമായ, സ്വകാര്യ വ്യക്തിയുമായോ കമ്പനിയുമായോ ഉള്ള, ബോർഡിന്റെ പങ്കാളിത്തം എന്ന് അർത്ഥമാകുന്നു.".

3. റദ്ദാക്കലും ഒഴിവാക്കലും.—(1) 2010-ലെ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് (ഭേദഗതി) ഓർഡിനൻസ് (2010-ലെ 13) ഇതിനാൽ റദ്ദാക്കിയിരിക്കുന്നു.

(2) അങ്ങനെ റദ്ദാക്കിയിരുന്നാൽ തന്നെയും, പ്രസ്തുത ഓർഡിനൻസ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റിൻകീഴിൽ ചെയ്തതോ, ചെയ്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും കാര്യമോ, എടുത്തതോ എടുത്തതായി കരുതപ്പെടുന്നതോ ആയ ഏതെങ്കിലും നടപടിയോ ഈ ആക്റ്റ് പ്രകാരം ഭേദഗതി ചെയ്യപ്പെട്ട പ്രധാന ആക്റ്റ് പ്രകാരം ചെയ്തതായോ എടുത്തതായോ കരുതപ്പെടേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

2009-2010-ലെ ബഡ്ജറ്റ് പ്രസംഗത്തിലെ 169-ഉം, 170-ഉം, 171-ഉം ഖണ്ഡികകൾ പ്രകാരം ഭവനനിർമ്മാണ ബോർഡിന്റെ പുനരുദ്ധാരണത്തിനായി ഒരു സമഗ്ര പരിപാടി നിർദ്ദേശിക്കുകയുണ്ടായി. സംയുക്ത സംരംഭ പദ്ധതിയിലൂടെയോ പൊതു-സ്വകാര്യ പങ്കാളിത്തം മുഖേനയോ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ പാർപ്പിട-വാണിജ്യ സമുച്ചയങ്ങൾ സ്ഥാപിക്കുന്നതിന് ഇത് വിഭാവനം ചെയ്യുന്നു. നിലവിൽ, 1971-ലെ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ആക്റ്റിൽ ഇതിലേക്കായി യാതൊരു വ്യവസ്ഥയും ഇല്ലാത്തതിനാൽ, ഈ ആവശ്യത്തിനായി, പ്രസ്തുത ആക്റ്റിൽ ഒരു പുതിയ വകുപ്പ് കൂട്ടിച്ചേർക്കാൻ സർക്കാർ തീരുമാനിച്ചു.

2. കേരള സംസ്ഥാന നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ തീരുമാനം നടപ്പിലാക്കുന്നതിന് സത്വര നിയമനിർമ്മാണം നടത്തേണ്ട സാഹചര്യം നിലനിന്നിരുന്നതിനാലും കേരള ഗവർണ്ണർ 2010-ലെ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് (ഭേദഗതി) ഓർഡിനൻസ് (2010-ലെ 2) 2010 ജനുവരി 4-ാം തീയതി വിളംബരപ്പെടുത്തുകയും ആയത് 2010 ജനുവരി 5-ാം തീയതിയിലെ 37-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ പ്രസിദ്ധീകരിക്കുകയും ചെയ്തു.

3. 2010 ഫെബ്രുവരി 24-ാം തീയതി ആരംഭിച്ച് 2010 മാർച്ച് 31-ാം തീയതി അവസാനിച്ച കേരള നിയമസഭയുടെ പതിനാലാം സമ്മേളനത്തിൽവച്ച് പ്രസ്തുത ഓർഡിനൻസിനുപകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരുന്നതിനുള്ള ഒരു ബിൽ അവതരിപ്പിക്കാനോ പാസ്സാക്കാനോ കഴിഞ്ഞില്ല.

4. നിയമസഭ സമ്മേളനത്തിലല്ലാതിരുന്നതിനാലും മേൽപ്പറഞ്ഞ നിർദ്ദേശത്തിന് ഉടനടി പ്രാബല്യം നൽകേണ്ടിയിരുന്നതിനാലും, 2010-ലെ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് (ഭേദഗതി) ഓർഡിനൻസ് 2010 ഏപ്രിൽ 6-ാം തീയതി കേരള ഗവർണ്ണർ വിളംബരപ്പെടുത്തുകയും ആയത് 2010 ഏപ്രിൽ 7-ാം തീയതിയിലെ 860-ാം നമ്പർ കേരള അസാധാരണ ഗസറ്റിൽ 13-ാം നമ്പർ ഓർഡിനൻസായി പ്രസിദ്ധീകരിക്കുകയും ചെയ്തു.

5. പ്രസ്തുത ഓർഡിനൻസിന് പകരം സംസ്ഥാന നിയമസഭയുടെ ഒരു ആക്റ്റ് കൊണ്ടുവരാൻ ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.



## ധനകാര്യ മെമ്മോറാണ്ടം

ഈ ബിൽ നിയമമാക്കുകയും പ്രാബല്യത്തിൽ കൊണ്ടുവരികയും ചെയ്താൽ സംസ്ഥാന സഞ്ചിതനിധിയിൽ നിന്നും യാതൊരു അധികച്ചെലവും ഉണ്ടാകുന്നതല്ല.

**ബിനോയ് വിശ്വം**

(ശരിത്തർജ്ജമ)

## 1971-ലെ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് ആക്റ്റിൽ നിന്നുള്ള പ്രസക്ത ഭാഗങ്ങൾ

(1971-ലെ 19)

** ** **

36. പാർപ്പിട നിർമ്മാണ പദ്ധതികളോ വികസന പദ്ധതികളോ ഏറ്റെടുക്കുന്നതിനും ചെലവ് വഹിക്കുന്നതിനും ബോർഡിനുള്ള അധികാരം.—(1) ഈ ആക്റ്റിലെ വ്യവസ്ഥകൾക്ക് വിധേയമായി, ബോർഡിന് ആവശ്യമെന്ന് അത് കരുതുന്ന അങ്ങനെയുള്ള പാർപ്പിട നിർമ്മാണ പദ്ധതിയോ വികസന പദ്ധതികളോ കാലാകാലങ്ങളിൽ തയ്യാറാക്കുന്നതിനും നടപ്പിലാക്കുന്നതിനുമുള്ള ജോലികൾ ഏറ്റെടുക്കാവുന്നതും ചെലവ് വഹിക്കാവുന്നതുമാണ്.

(2) സർക്കാരിന്, ചുമത്തുവാൻ യുക്തമെന്ന് അത് കരുതുന്ന അങ്ങനെയുള്ള ഉപാധികളിൻമേലും, നിബന്ധനകളിൻമേലും ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിട്ടില്ലാത്ത ഏതൊരു പാർപ്പിട നിർമ്മാണ പദ്ധതിയുടെയോ വികസന പദ്ധതിയുടെയോ നടത്തിപ്പ് ബോർഡിന് കൈമാറ്റം ചെയ്യാവുന്നതും, അതോടെ അങ്ങനെയുള്ള പദ്ധതികളുടെ നടത്തിപ്പ്, ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിരുന്നാലെന്നപോലെ, ബോർഡ് ഏറ്റെടുക്കേണ്ടതുമാണ്.

(3) ബോർഡിന്, സമ്മതിച്ചേക്കാവുന്ന അങ്ങനെയുള്ള ഉപാധികൾക്കും നിബന്ധനകൾക്കും വിധേയമായി, ഒരു തദ്ദേശാധികാരസ്ഥാനം ഏറ്റെടുത്ത ഏതെങ്കിലും പാർപ്പിട നിർമ്മാണ പദ്ധതിയുടെയോ വികസന പദ്ധതിയുടെയോ നടത്തിപ്പ് ഏറ്റെടുക്കാവുന്നതും അങ്ങനെയുള്ള പദ്ധതി ഈ ആക്റ്റിൽ വ്യവസ്ഥ ചെയ്തിരുന്നാലെന്നപോലെ ബോർഡ് അത് നടപ്പിലാക്കേണ്ടതുമാണ്.

** ** **

37. സർക്കാരിന്റെ ഉടമസ്ഥതയിലുള്ളതോ നിക്ഷിപ്തമായതോ അല്ലെങ്കിൽ കേരള വസ്തു ആർജ്ജനം ആക്റ്റ് പ്രകാരം ആർജ്ജിച്ചിട്ടുള്ളതോ ആയ യാതൊരു ഭൂമിയും ബോർഡിന് കൈമാറ്റം ചെയ്യുന്നതിന് സർക്കാരിനുള്ള അധികാരം.—സർക്കാരിന്, അതിന്റെ ഉടമസ്ഥതയിലുള്ളതോ അതിൽ നിക്ഷിപ്തമായതോ അല്ലെങ്കിൽ 1961-ലെ കേരള വസ്തു ആർജ്ജനം ആക്റ്റ് (1962-ലെ 21) പ്രകാരം ആർജ്ജിച്ചിട്ടുള്ളതോ ആയ ഏതെങ്കിലും ചേരിപ്രദേശം നിർമ്മാർജ്ജനം ചെയ്യുന്നതിനോ അഭിവൃദ്ധിപ്പെടുത്തുന്നതിനോ ഉള്ള ആവശ്യങ്ങൾക്ക് വേണ്ടി കൈമാറ്റം ചെയ്യുന്നത് യുക്തവും ആവശ്യവുമാണെന്ന് കരുതുമ്പോൾ അത് കരുതുന്ന നിബന്ധനകളും വ്യവസ്ഥകളും ഏർപ്പെടുത്തികൊണ്ട് അപ്രകാരം ചെയ്യാവുന്നതും ബോർഡിനോട് ആ പ്രദേശത്തെ നിർമ്മാർജ്ജനം അല്ലെങ്കിൽ അഭിവൃദ്ധിപ്പെടുത്തൽ ഏറ്റെടുക്കുന്നതിനും സർക്കാർ വിനിർദ്ദേശിക്കാവുന്ന ഈ ആക്റ്റിൻ കീഴിലുള്ള അപ്രകാരമുള്ള ഭവനപദ്ധതിക്കോ അഭിവൃദ്ധിപ്പെടുത്തലിനോ രൂപം കൊടുക്കുന്നതിനും നടപ്പിൽ വരുത്തുന്നതിനും നിർദ്ദേശിക്കാവുന്നതും ആയത് ബോർഡ് ഈ ആക്റ്റിനാൽ വ്യവസ്ഥ ചെയ്തപോലെ നടപ്പിൽ വരുത്തുന്നതിന് ഏറ്റെടുക്കേണ്ടതുമാണ്.

** ** **